# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 481 — 07.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിലെ വായ്പാ ഇളവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ വായ്പാ പലിശ സംബന്ധിച്ച ഉത്തരവുകൾ ഇപ്പോഴും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; സഹകരണ ബാങ്കുകളിൽ നിന്നും അനുവദിക്കുന്ന വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ ഈടാക്കാൻ പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ വായ്പാ പലിശ സംബന്ധിച്ച ഉത്തരവുകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും, ഏറ്റവും ഒടുവിൽ 20.05.2012 ൽ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും അനുവദിക്കുന്ന വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ ഈടാക്കുവാൻ പാടില്ല എന്ന ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്. |
| (ബി) | സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ആത്മഹത്യ ചെയ്ത ആളുകളുടെ പേരിലുള്ള സഹകരണ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതിനോ ഇളവുകൾ അനുവദിക്കുന്നതിനോ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി എന്ത് തുകയാണ് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ആത്മഹത്യ ചെയ്ത ആളുകളുടെ പേരിലുള്ള സഹകരണ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതിനോ ഇളവുകൾ അനുവദിക്കുന്നതിനോ സഹകരണ വകുപ്പിൽ പ്രത്യേക പദ്ധതികൾ ഇപ്പോൾ നിലവിലില്ല. ഇതിലേയ്ക്കായി തുക ഒന്നുംതന്നെ നിലവിലുള്ള ബഡ്ജറ്റിൽ നീക്കിവച്ചിട്ടുമില്ല. |
| (സി) | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ മുഖാന്തിരം വിദ്യാഭ്യാസ | (സി) | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ മുഖാന്തിരം വിദ്യാഭ്യാസ വായ്പ |

| | |
|---|---|
| വായ്പ നൽകുന്നുണ്ടോ; ഇതിനുള്ള പലിശയുടെ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ; വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് മുടങ്ങിയ കേസുകളിൽ സഹകരണ ബാങ്കുകൾ പലിശയിളവ് നൽകുന്നുണ്ടോ; ഏതു കാലയളവുമുതലുള്ളവർക്കാണ് പലിശയിളവ് എന്ന് അറിയിക്കുമോ? | നൽകുന്നുണ്ട്. ഇത്തരം വായ്പകൾക്ക് പരമാവധി 12.50% മാണ് പലിശനിരക്ക് നിശ്ചയിച്ചിട്ടുള്ളത്. വിദ്യാഭ്യാസ വായ്പ തിരിച്ചടവ് മുടങ്ങിയ കേസുകളിൽ പലിശയിളവ് സഹകരണ ബാങ്കുകൾ നൽകുന്നില്ല.<br>എന്നാൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനിൽ അംഗമായിട്ടുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും 01.04.2009 മുതൽ നൽകിയിട്ടുള്ള വായ്പകൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡിക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ